**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5309** **02-11-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് സ്പോർട്സ് മീറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2021-ൽ കേരള സ്റ്റേറ്റ് സിവിൽ സർവീസ് മീറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നടത്തുകയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റിനു മുന്നോടിയായി ജില്ലാ സിവിൽ സർവ്വീസ് മീറ്റുകൾ നടത്തേണ്ടതുണ്ട്. ജില്ലാ സിവിൽ സർവ്വീസ് മീറ്റുകൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റ് നടത്തുന്നതാണ്. |
| (ബി) | പ്രസ്തുത കായികമേള റൊട്ടേഷൻ അടിസ്ഥാനത്തിലോ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലോ ഓരോരോ ജില്ലകളിൽ നടത്തുവാൻ തീരുമാനമെടുക്കുമോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ പരിഗണനയിലില്ല |
| (സി) | കായികയിനങ്ങളുമായോ കായികരംഗവുമായോ ഒരു ബന്ധവുമില്ലാത്ത ജീവനക്കാർ പ്രസ്തുത മീറ്റുകളിൽ പങ്കെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | സർക്കാർ ഉദ്യോഗസ്ഥരുടെ കായിക ക്ഷമതയും മികവും പരിപോഷിപ്പിക്കുന്നതിനു നടത്തുന്ന മേളയാണ് സിവിൽ സർവ്വീസ് മീറ്റ്. മീറ്റിൽ പങ്കെടുക്കുന്നതിനു ജീവനക്കാർക്ക് കായികരംഗമായോ കായികയിനങ്ങളുമായോ ബന്ധമുമുണ്ടാവണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ